DESPATCHED
On.10/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 1215(2)/2020/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 9115/എസ്.ഐ.സി-ജി 6/20)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ആർ.സതീശബാബു,
സതീശഭവൻ, പുതുശ്ശേരിമുക്ക്,
പി.ഒ.കല്ലമ്പലം,
പിൻ – 695 605. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
വർക്കല, പിൻ – 695 141.

2. അപ്പീൽ അധികാരി&
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
വർക്കല, പിൻ – 695 141.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.07.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03.09.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 11.09.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 16.09.2020 |
| ഹിയറിംഗ് നടന്ന തീയതി | 20.12.2011, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തവും തൃപ്തികരവുമായ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 22.06.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 16.07.2019ലെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ No.B(6)9664/2018 എന്ന കത്തിന്റെ ഒരു കോപ്പി നൽകണമെന്നും മേൽ കത്ത് ടി ഓഫീസിൽ ലഭിച്ച തീയതി, ആയതിന് സ്വീകരിച്ച നടപടികളുടെയും പ്രസ്തുത ഫയലിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് നൽകണമെന്നും (E/498/2018), 01.06.2017 മുതൽ 22.06.2020വരെ വർക്കല ഉപജില്ല ഓഫീസറുടെ കാര്യാലയത്തിൽ എ.ഇ.ഒ., സീനിയർ സൂപ്രണ്ട്, നൂൺമീൽ ഓഫീസർ എന്നീ തസ്തികകളിൽ ചാർജ്ജ് വഹിച്ചിരുന്നവരുടെ പേരും കാലയള വുകളുടെ വിവരങ്ങൾ നൽകണമെന്നുമാണ്. ആയതിന് 14.07.2020ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 03.09.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഒന്നാം ഇനത്തിനു ഫയൽ നം.ഇ/498/എ.ഇ.ഒ./2018 എന്ന ഫയലിന്റെ 19.07.2019നു ശേഷമുള്ള നടപടികളുടെ പകർപ്പ് അയയ്ക്കുന്നുവെന്നും രണ്ടാം ഇനം സംബന്ധിച്ച രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അയയ്ക്കുന്നുവെന്നും ക്രമനമ്പർ 3ന് എസ്.പി.ഐ.ഒ.യുടെ മറുപടി ലഭിച്ച് 30 ദിവസത്തിനകം അപ്പീൽ അധികാരിയ്ക്ക് അപ്പീൽ സമർപ്പിക്കണമെന്നുമാണ്.

3. 30.10.2020ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, വിവരാവകാശ നിയമപ്രകാരം ലഭിയ്ക്കുന്ന അപേക്ഷകളും അപ്പീൽ ഹർജികളും പരിശോധിച്ച് കൈകാര്യം ചെയ്യുന്നതിനായി വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ 'സി' എന്ന ഒരു സീറ്റാണ് ക്രമീകരിച്ചിരിക്കുന്നതെന്നും ഇൻഫർമേഷൻ ഓഫീസർ നൽകുന്ന വിവരങ്ങളും അപ്പീൽ അധികാരി നൽകുന്ന വിവരങ്ങളും ഒരു ഫയലിൽ തുടർച്ച യായി കൈകാര്യം ചെയ്തുവരുന്നുവെന്നും ഇക്കാരണത്താൽ ടി വിഷയ ത്തിന്മേൽ ആക്ഷേപം ഒന്നുംതന്നെ നിലവിലില്ലെന്നാണ്. ഹർജിക്കാരന്റെ 2 മുതൽ

5വരെയുള്ള ചോദ്യങ്ങൾക്ക് ആഫീസിൽ ലഭ്യമായ വിവരങ്ങൾ യഥാസമയം നൽകിയിട്ടുണ്ടായിരുന്നുവെന്നും തുടർന്നുള്ള കുറിപ്പു ഫയലിന്റെയും നടപ്പു ഫയലിന്റെയും (നോട്ട് ഫയൽ & ഡ്രാഫ്റ്റ് ഫയൽ) എല്ലാ പേജുകളും സാക്ഷ്യപ്പെടുത്തലുകൾ നടത്തി ഇതോടൊപ്പം സമർപ്പിക്കുന്നുവെന്നുമാണ്. കൂടാതെ ടി ഓഫീസിൽ ലഭ്യമാകുന്ന എല്ലാ അപേക്ഷകളും ഇൻഫർമേഷൻ ഓഫീസറും അപ്പീൽ അധികാരിയും തീർപ്പു കൽപ്പിക്കുന്നവയായിരുന്നുവെന്നും ആയതിനാലാണ് രണ്ടാം അപ്പീൽ അധികാരിയുടെ മേൽവിലാസം രേഖപ്പെടുത്താതിരുന്നതെന്നും ഹർജിക്കാരൻ സമർപ്പിച്ചിരുന്ന അപേക്ഷകൾക്കും അപ്പീൽ ഹർജികൾക്കും വിവരാവകാശ നിയമം അനുശാസിക്കുന്ന വ്യവസ്ഥകൾക്കും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കും അനുസൃതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിവരവുമാണ് അറിയിച്ചത്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമപ്രകാരം ലഭിയ്ക്കുന്ന അപേക്ഷകളും അപ്പീൽ ഹർജികളും പരിശോധിച്ച് കൈകാര്യം ചെയ്യുന്നതിനായി വർക്കല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ രണ്ടു സീറ്റായി ക്രമീകരിക്കണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. മാത്രമല്ല അപ്പീൽ തീർപ്പാക്കൽ നടപടിക്രമത്തിന് പകരം അപ്പീൽ തീർപ്പാക്കൽ കത്താണ് നൽകിയിരിക്കുന്നത് ഇത് **Ministry of Personal, Public Grievance and Pensions** ന്റെ ഓഫീസ് മെമ്മോറാണ്ടത്തിലെ **(No.10/23/2007-IR)** 3-ാം ഖണ്ഡികയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ രണ്ടാം എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ടിയാന്റെ വിശദീകരണം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.

കൂടാതെ എല്ലാ രേഖകളും ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 31–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/